(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2132/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 19.12.2016
Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടാക്കട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: കാട്ടാക്കട ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചാ യത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

*പകർപ്പ്:*

1) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2132/2016 തീയതി: 19.12.2016

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.06.2016 മുതൽ 07.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ- ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ. ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13.10.2016മുതൽ 21.10.2016വരെ

*ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :*

1. ശ്രീമതി. ലതാകുമാരി എ. ഓഡിറ്റ് ഓഫീസർ
2. ശ്രീമതി.ജയലക്ഷ്മി ബി.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീമതി. സീന കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി. അനിത ബി.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ

*(ബി) നിർവ്വഹണാധികാരികൾ*

പ്രസിഡന്റ് : അഡ്വ. ജി.സ്റ്റീഫൻ 01-04-2015 മുതൽ 31.10.2015 വരെ

ശ്രീമതി. അജിത എസ്. 01-11-2015 മുതൽ 31.03.2016 വരെ

സെക്രട്ടറി : ശ്രീ. ജീവൻ എസ്. 01-04-2015മുതൽ 26-07.2015വരെ

ശ്രീ. സി.കെ. രാജേന്ദ്രൻ 27-07-2015 മുതൽ 31-03-2016 വരെ

*നിർവ്വഹണ ഉദ്യോഗസ്ഥർ*

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സൂരജ് സി .ജെ . | 01.04.15 മുതൽ 28.04.15 വരെ |
| | ശ്രീമതി.ഗംഗ ജി. | 29.04.15 മുതൽ 04.05.15 വരെ |
| | ശ്രീ.സൂരജ് സി .ജെ. | 05.05.15 മുതൽ 03.09.15 വരെ |
| | ശ്രീമതി. ലീന ആർ.എസ്. | 04.09.15 മുതൽ 12.01.16 വരെ |
| | ശ്രീമതി. ഗംഗ ജി. | 13.01.16 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗിരി പ്രസാദ് പി.എൽ. | 01.04.15 മുതൽ 25.08.15 വരെ |
| | ശ്രീ. സുനിൽകുമാർ ബി. | 26.08.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. വിനോജ് കെ.വി. | 01.04.15 മുതൽ 25.05.15 വരെ |
| | ഡോ. ശാന്തകുമാർ | 26.05.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. സിന്ധുറാണി | 01.04.15 മുതൽ 30.06.15 വരെ |
| | ഡോ. മാത്യൂസ് | 01.07.15 മുതൽ 31.03.16 വരെ |
| വെറ്റിനറി സർജൻ | ഡോ. ആർ.പുഷ്പലത | 01.04.15 മുതൽ 16.11.15 വരെ |
| | ഡോ. തമ്പി രാജ് | 17.11.15 മുതൽ 31.03.16 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി .സുജാത | 01.04.15 മുതൽ 31.03.16വരെ |
| വി.ഇ.ഒ. | ശ്രീ. സുജിത്ത് | 01.04.15 മുതൽ 31.03.16വരെ |
| | ശ്രീമതി. സംഗീത കൃഷ്ണൻ | 01.08.15മുതൽ 31.03.16വരെ |
| | കുമാരി. സ്മിത രാജ് | 01.04.15മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീ. മനു | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ്മാസ്റ്റർ, ഗവ.എൽ. പി.എസ്. കണ്ടൻകുളര | ശ്രീ.രത്നാകരൻ | 01.04.15മുതൽ 31.03.16 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ശശികല | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1(i) | |
| 13 | സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത | 2-1(ii) | |
| 14 | സ്ഥാപന നികുതി ഈടാക്കിയതിൽ അപാകത | 2-1(iii) | |
| 15 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അഭിഭാഷകർ, രജിസ്റ്റേർഡ് കരാറുകാർ എന്നിവർ തൊഴിൽ നികുതി അടച്ചിട്ടില്ല | 2-1(iv) | |
| 16 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങൾ സമയബന്ധിതമായി രജിസ്ട്രേഷൻ പുതുക്കുന്നില്ല | 2-2 | |
| 17 | പരസ്യ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കണം | 2-3 | |
| 18 | ഡി&ഒ ലൈസൻസ് ഫീ യന്ത്രത്തിന്റെ<br>കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കിയിട്ടില്ല | 2-4 | |
| | ഭാഗം 3 | | |
| 19 | മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്ടുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യം | 3-1 | |

| | | | |
|---|---|---|---|
| 20 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- അപാകതകൾ | 3-2 | |
| 21 | 2015-16-ലെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 3-3 | |
| | ഭാഗം 4 | | |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | | |
| 2015-16 | 30.07.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം (AFS പ്രകാരം)

മുൻബാക്കി - 34230731
വരവ് - 74465618
ആകെ - 108696349
ചെലവ് - 95307083
നീക്കിയിരിപ്പ് - 13389266

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 4632828 | 11317841 | 3598513 | 19549182 | 19549182 | 0 | - |
| വികസനഫണ്ട് എസ്.സി.പി. | 1481449 | 6382866 | - | 7864315 | 7864315 | 0 | - |
| വികസനഫണ്ട് ടി.എസ്.പി | - | 168000 | - | 168000 | 168000 | 0 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3466198 | 8215621 | -1740451 | 9941368 | 9941368 | 0 | - |
| പെർഫോമൻസ് ഗ്രാന്റ് | 5132011 | 1628913 | -1858062 | 4902862 | 4902862 | 0 | - |
| ബി.ഫണ്ട് | - | 46771240 | - | 46771240 | 46771240 | 0 | 100% |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 2248283 | 15974141 | - | 18222424 | 18222424 | 0 | - |
| സംരക്ഷണ ഗ്രാൻറ് (നോൺ റോഡ്) | 661744 | 4127894 | - | 4789638 | 4789638 | 0 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | 10105322 | 11426472 | | 21531794 | 13706491 | 7825303 | - |

സാമ്പത്തിക നില AFSപ്രകാരമാണ് എടുത്തിരിക്കുന്നത്. എന്നാൽ ഫണ്ട് വിനിയോഗം ACRപ്രകാരമാണ് എടുത്തിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 101080157 | 187 | 74658936 | 32 | 45 | 70 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം കൂടുതൽ/കുറവ് | ശതമാനം |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| വിനോദ നികുതി | 37295 | 60308 | +23013 | 61 |
| തൊഴിൽ നികുതി | 3650022 | 3987737 | +337715 | 9 |
| കെട്ടിട നികുതി | 5381440 | 3571083 | -1810357 | -33 |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം | 3661 | - | -3661 | -100 |
| ഷോപ്പിംഗ് കോംപ്ലക്സ് | 59980 | | -59980 | -100 |
| ഡി.&ഒ ലൈസൻസ് | 467400 | 431100 | -36300 | -8 |
| മറ്റ് വരവുകൾ | 11976910 | 2276180 | +9700730 | -81 |

| | | | | |
|---|---|---|---|---|
| ആകെ | 21576708 | 10326408 | 11908115 | |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങളായ ഡി&ഒ ലൈസൻസ് ഫീസ്, മൊബൈൽ ടവറുകളിൽ നിന്നുമുള്ള വസ്തു നികുതി, പരസ്യ നികുതി-ലേലം, ഷോപ്പിംഗ് കോംപ്ലക്സ് വാടക എന്നിവ കൃത്യമായി പിരിച്ചെടുക്കുന്നതിനും വസ്തു നികുതി ഇനത്തിലുള്ള കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1623720 | 914 |
| കർഷക തൊഴിലാളി പെൻഷൻ | 4035780 | 592 |
| വിധവാപെൻഷൻ | 14988800 | 1645 |
| വാർദ്ധക്യകാല പെൻഷൻ | 21109470 | 2870 |
| വികലാംഗ പെൻഷൻ | 4032710 | 481 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 759760 | 80 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2016 രാവിലെ 10.30-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11933/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൊഴിൽ നികുതി രജിസ്റ്ററുകൾ, ടേഡ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകൾ അനിവാര്യമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത്) ചട്ടങ്ങൾ 1997, ചട്ടം (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ വ്യവസ്ഥകൾ പ്രകാരവും നിർവഹിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

അപൂർണ്ണമാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ 87 സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ 6 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി വിവരങ്ങളാണ് പൂർണ്ണമായും എഴുതിയിട്ടുള്ളത്. മറ്റ് സ്ഥാപനങ്ങളുടെ 2015-16 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി വിശദാംശങ്ങൾ-ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഉൾപ്പടെ (സെക്രട്ടറിയുടെ 2015-16 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച വിവരമൊഴികെ) രജിസ്റ്ററിൽ രേഖപ്പെടുത്തിയട്ടില്ല. ഇൻഡക്സ് കൃത്യമായി എഴുതിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഉൾപ്പെടെ എഴുതി രജിസ്റ്റർ പൂർത്തിയാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.2015 | 01.11.15 മുതൽ 30.11.15 വരെ | 23.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.2014 മുതൽ 6.03.2014 | 2008/2009 മുതൽ 2012/2013 വരെ | 07.05.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 (i) തൊഴിൽ നികുതി ഈടാക്കിയതിൽ 4490/-രൂപയുടെ കുറവ്

2015-16 സാമ്പത്തിക വർഷത്തെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പേര്/ ഉദ്യോഗപ്പേര് | അർദ്ധവാർഷികവരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് | രസീതു നം & തീയതി |
|---|---|---|---|---|---|---|---|
| 1 | സാൻ ജോസ് ഹോസ്പിറ്റൽ | ജിജി, നേഴ്സ് | 30000 | 300 | 180 | 120 | 1151102824/26.08.2015 |
| 2 | സാൻ ജോസ് ഹോസ്പിറ്റൽ | മിനി, നേഴ്സ് | 30000 | 300 | 180 | 120 | 1151102824/26.08.2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതി,<br>കാട്ടാക്കട | ജയപ്രകാശ്.ആർ, ക്ളാർക്ക് | 146374 | 1250 | 1000 | 250 | 1151102826/26/8/2 |
| 4 | ; | ലേഖകുമാരി. സി<br>ക്ളാർക്ക് | 116634 | 1000 | 750 | 250 | 1151102826/26/8/2015 |
| 5 | ; | നിജമഷാ.എ<br>ക്ളാർക്ക് | 133974 | 1250 | 1000 | 250 | 1151102826/26/8/2015 |
| 6 | ; | ഉമ.എം.ജി, ക്ളാർക്ക് | 118500 | 1000 | 750 | 250 | 1151102826/26/8/2015 |
| 7 | ; | ലതാകുമാരി.എസ്<br>എൽ.ഡി. ടൈപ്പിസ്റ്റ് | 133974 | 1250 | 1000 | 250 | 1151102826/26/8/2015 |
| 8 | ; | സംഗീത.ജിഎസ് ,സനിയർ<br>ക്ലാർക്ക് | 133974 | 1250 | 1000 | 250 | 1151102826/26/8/2015 |
| 9 | ; | സൗമ്യ. എൽ.എസ്, ,സീനിയർക്ളാർക്ക് | 133974 | 1250 | 1000 | 250 | 1151102826/26/8/2015 |
| 10 | ; | അജയകുമാർ കെ.ആർ ഓഫീസ് അറ്റൻഡൻറ് | 133974 | 1250 | 1000 | 250 | 1151102826/26/8/2015 |
| 11 | ; | ദീപ.എസ്.കെ<br>ഓഫീസ് അറ്റൻഡൻറ് | 102752 | 1000 | 750 | 250 | 1151102826/26/8/2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 12 | ; | സൗമ്യ.ബി,ഓഫീസ് അറ്റൻഡൻറ് | 110852 | 1000 | 750 | 250 | 1151102826/26 /8/2015 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | ആമച്ചൽ സർവ്വീസ് സഹകരണ ബാങ്ക് | ശ്രീജാവാണി. എസ് അസി.സെക്രട്ടറി | 138432 | 1250 | 1000 | 250 | 11511103163/ 15/9/15 |
| 14 | ; | അജിത.എ.ആർ അക്കൗണ്ടൻറ് | 111822 | 1000 | 750 | 250 | 11511103163/ 15/9/15 |
| 15 | ; | സനോജ്.പി,സീനിയർ ക്ളാർക്ക് | 117264 | 1000 | 750 | 250 | 11511103163/ 15/9/15 |
| 16 | ; | കവിത.എസ് ജൂനിയർ ക്ളാർക്ക് | 109248 | 1000 | 750 | 250 | 11511103163/ 15/9/15 |
| 17 | ; | ശരത്ചന്ദ്രൻ.എസ് അറ്റൻഡർ | 152946 | 1250 | 1000 | 250 | 11511103163/ 15/9/15 |
| 18 | ; | അഭിലാഷ്.കെ. ആൽബർട്ട് നൈറ്റ് വാച്ച്മാൻ | 106334 | 1000 | 750 | 250 | 11511103163/ 15/9/15 |
| 19 | സബ് രജിസ്ട്രാർ ഓഫീസ് കാട്ടാക്കട | രതീഷ്.ജി ഓഫീസ് അറ്റൻഡൻറ് | 126756 | 1250 | 1000 | 250 | 1151103251 15/9/16 |
| | ആകെ | | | | | 4490 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്ന വ്യക്തികളിൽ നിന്ന് ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ii) സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2) മുതൽ 3(11) വരെയുള്ള ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള തൊഴിൽ നികുതി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കടയുടമയുടെ പേര്/സ്ഥാപനം | ഡി & ഒ അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റു വരവായി അപേക്ഷകൻ രേഖപ്പെടുത്തിയിരിക്കുന്ന തുക | ഒടുക്കേണ്ട തൊഴിൽ നികുതി | ഒടുക്കിയ തൊഴിൽ നികുതി | കുറവ് | രസീതു നം., തീയതി |
|---|---|---|---|---|---|
| എസ് ഹരീന്ദ്രൻ അമരാവതി ഫാഷൻ | 1500 | 2500 | 1500 | 1000 | 11511100715 2/5/2015 |

| | | | | | |
|---|---|---|---|---|---|
| ജ്വവലറി | | | | | |
| സി. ബാബു<br>ഇൻഡിഗോ പ്യൂവർ പെട്രോളിയം പ്രോഡക്ട്സ് | 15000 | 2500 | 1500 | 1000 | 11511100824<br>7/5/2015 |
| വി മോഹൻ കുമാർ<br>ശ്രീമുരുക പ്രൊവിഷൻ സ്റ്റോർ | 10000 | 2500 | 1200 | 1300 | 11511101215<br>27/5/2015 |
| ഗിരീഷ് ആർ ബി<br>ധ്യാൻ സൂപ്പർ മാർക്കറ്റ് | 4000 | 2500 | 1200 | 1300 | 11511100161<br>9/4/2015 |
| ആർ മണിക്കുട്ടൻ<br>സ്റ്റീൽ ഫർണ്ണിച്ചർ നിർമ്മാണം | 3500 | 2500 | 1200 | 1300 | 11511101369<br>4/6/2015 |
| ഹലീൽ റഹ്മാൻ<br>പലചരക്കുകട | 10000 | 2500 | 1200 | 1300 | 11511105716<br>8/2/2016 |
| മണി വി<br>അഞ്ജലി ഫാഷൻ ജ്വവലറി | 5000 | 2500 | 2400 | 100 | 11511105943<br>18/2/2016 |
| സി സുബ്രമണ്യൻ ആചാരി<br>കൃഷ്ണാ ജ്വവലറി | 5000 | 2500 | 1200 | 1300 | 11511106119<br>24/2/2016 |
| റ്റി ജയരാജ്<br>കൈരളി ഫാഷൻ ജ്വവലറി | രേഖപ്പെടുത്തിയിട്ടില്ല | 2500 | 1500 | 1000 | 1151110220<br>22/7/2015 |
| എസ് സുനിൽ കുമാർ<br>സൂപ്പർ മാർക്കറ്റ് | 3000 | 2500 | 1200 | 1300 | 11511104743<br>16/12/2015 |
| ലളിത<br>ഹോളോബ്രിക്സ് യൂണിറ്റ് | രേഖപ്പെടുത്തിയിട്ടില്ല | 2500 | 1200 | 1300 | 1151114751<br>16/12/2015 |
| കേശവൻ ആർ<br>അപ്ഹോൾസറി സാധനങ്ങൾ | 4000 | 2500 | 1200 | 1300 | 11511105946<br>18/2/2016 |
| | ആകെ തുക | | | 13500 | |

ടി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(iii) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / ഓഡിറ്റോറിയങ്ങൾ സ്ഥാപന നികുതി അടച്ചിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട നികുതി |
|---|---|---|
| കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ട്രാൻസ്മിഷൻ സർക്കിൾ | 1 &2 | 2500 |
| കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 1 &2 | 2500 |
| കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ കാട്ടാക്കട | 1 &2 | 2500 |
| ഈസ്റ്റ് മൈക്രോ ഫൈനാൻസ് ,കാട്ടാക്കട | 1 &2 | 2500 |
| സിൻഡിക്കേറ്റ് ബാങ്ക്, കാട്ടാക്കട | 1 &2 | 2500 |
| ബാങ്ക് ഓഫ് ഇൻഡ്യ,കാട്ടാക്കട | 1 &2 | 2500 |
| തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, കാട്ടാക്കട മെയിൻ ശാഖ | 1 &2 | 2500 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ,കാട്ടാക്കട | 1 &2 | 2500 |
| ഫെഡറൽ ബാങ്ക്, കാട്ടാക്കട | 1 &2 | 2500 |
| കൃപ ഓഡിറ്റോറിയം | 1 &2 | 2500 |
| ദേവി കല്ല്യാണമണ്ഡപം | 1 &2 | 2500 |
| ജയവിനായക | 1 &2 | 2500 |
| രാജശ്രീ | 1 &2 | 2500 |
| കെ.ജി.കെ.പി. ഓഡിറ്റോറിയം, മംഗലയ്ക്കൽ | 1 &2 | 2500 |
| | | 35,000/- |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(iv)ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അഭിഭാഷകർ, രജിസ്റ്റേർഡ് കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ (ചട്ടം 3(2) മുതൽ 3(11) വരെ) അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, കരാറുകാർ എന്നിവർ തൊഴിൽ നികുതി അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ നിരവധി അഡ്വക്കേറ്റ് ഓഫീസുകളും കരാറുകാരും ഉണ്ടെങ്കിലും ആരും തൊഴിൽ നികുതി അടച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക 9-ാം നം.ലഭ്യമാക്കിയ മറുപടിയിൽ അഭിഭാഷകർ, കരാറുകാർ എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന്ന വേണ്ട സത്വര നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാ മെഡിക്കൽ വിദഗ്ദർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ സമയബന്ധിതമായി രജിസ്ട്രേഷൻ

## പുതുക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം(5) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ രജിസ്ട്രേഷൻ ഫയൽ പരിശോധിച്ചതിൽ ഒരു സ്ഥാപനമൊഴികെ മറ്റെല്ലാ സ്ഥാപനങ്ങളും വൈകിയാണ് രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | പേര് | 2015-16 ലെ രജിസ്ട്രേഷന് അപേക്ഷിച്ച തിയതി | രജിസ്ട്രേഷൻ അവസാനിച്ച തിയതി | രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ച കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| മാതാ കോളേജ് ഓഫ് മെഡിക്കൽ ടെക്നോളജി | ജിജി ജോസഫ് | 16.3.2016 | 31.3.2014 | 1.04.2014 മുതൽ 15.03.2016 വരെ | 2014-15 ൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. |
| കോട്ടയ്ക്കൽ ആര്യ വൈദ്യശാല | അതുല്യ ലക്ഷ്മി എസ്. | 10.03.2016 | 31.03.2015 | 01.04.2015 മുതൽ 09.03.2016 വരെ | |
| ശിവശക്തി ക്ളിനിക്കൽ ലബോറട്ടറി | ജെ. മോഹൻ കുമാർ | 10.12.2015 | 31.03.2015 | 01.04.2015 . മുതൽ 09.12.2015 വരെ | |
| സുശ്രുത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് സയൻസ് ആൻഡ് പഞ്ചകർമ്മ ഹോസ്പിറ്റൽ | ഡോ. ശ്രീജ കൃഷ്ണ | 15/06/2015 | 31.03.2014 | 1.04.2014 മുതൽ 14.06.2015 വരെ | 2014-15 ൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. |
| ഡോ.റായ് സ്വിസ് ഡെൻറൽ ക്ളിനിക്ക് | ഡോ. ബിനു റായ് പി.പി. | 15/09/2015 | 31.03.2015 | 01.04.2015 മുതൽ 14.09.2015 വരെ | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.9 നു ലഭ്യമാക്കിയ മറുപടിയിൽ രജിസ്ട്രേഷൻപുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് . രജിസ്ട്രേഷൻ സമയപരിധിയ്ക്കുള്ളിൽ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209(ഡി) പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിച്ചിട്ടു പരസ്യങ്ങളിൽ നിന്നു പരസ്യ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷത്തെ വാർഷിക കണക്കി പഞ്ചായത്തിനു പരസ്യയിനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 5 നുള്ള മറുപടിയിൽ പരസ്യനികു സംബന്ധിച്ച ലേലത്തിലും പുനർലേലത്തിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ വരുമാനം നഷ്ടപ്പെടാതിരിക്കാ പരസ്യ നികുതി നേരിട്ടു പിരിക്കുകയാണ് ചെയ്യുന്നതെന്നും, പരസ്യനികുതി ഇനത്തിലുള്ള തുക അടിയന്തിരമാ പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും അറിയിച്ചിരിക്കുന്നു. പരസ്യനികുതി പിരിച്ചെടുക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് ഫീസ്-യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996, ചട്ടം 17 അനുശാസിക്കും പ്രകാരം ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കടയുടമയുടെ പേര്/ സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ലൈസൻസ് നം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | നഷ്ടം | രസീതുനം., തീയതി |
|---|---|---|---|---|---|---|
| ഷാജി സി.<br>ശ്രുതി സാമിൽ | 21 എച്ച്.പി. | 361/2015-16 | 300 | 150 | 150 | 11511105952<br>18/02/2016 |
| ആർ. അനിൽ കുട്ടൻ<br>അനു വുഡ് ഇൻഡസ്ട്രീസ് | 14.435 എച്ച്.പി. | 263/2015 -16 | 200 | 100 | 100 | 11511104119<br>4/11/2015 |
| ബിജീഷ് എഫ്.<br>ഹോളോബ്രിക്സ് | 12 എച്ച്.പി. | 242/2015 | 200 | 50 | 150 | 11511103655<br>7/10/2015 |
| സജികുമാർ എസ് എം<br>വെൽഡിംഗ് വർക്ക് | 8.16എച്ച്.പി. (6000w) | 230/2015-16 | 100 | 50 | 50 | 11511103484<br>30/9/2015 |
| | ആകെ നഷ്ടം | | | | 450 | |

ടി തുക ഈടാക്കി പഞ്ചായത്തിൽ അടക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്ടുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യം

(1) പഠനവീട് - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തിരിക്കുന്നു

പ്രോജക്ട് നം.50/16

ഫണ്ട് : വികസന ഫണ്ട്

അടങ്കൽ : 80,000/- (വികസനഫണ്ട് - 50,000/-, തനതു ഫണ്ട് - 30,000/-)

ചെലവ് : 74000/- (വികസന ഫണ്ട് - 50,000/-, തനതു ഫണ്ട് -24000/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

തുക

ബിൽ നം /തീയതി 3/2015-16 / 18.08.15 10000/-

ബിൽ നം /തീയതി 10/2015-16 / 17.10.15 16000/-

ബിൽ നം /തീയതി 15/2015-16 / 19.12.15 16000/-
ബിൽ നം /തീയതി 21/2015-16 / 16.02.16 8000/-
ആകെ 50000/- രൂപ.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന ഗവ. എൽ.പി. സ്കൂളിലെ കുട്ടികൾക്ക് ക്ലാസ് സമയത്തിനു ശേഷം പ്രത്യേക പഠന പരിശീലനം നൽകുന്നതിനു വേണ്ടി ഒരു വോളന്റീയറെ തെരഞ്ഞെടുക്കുകയും ടിയാൾക്ക് യാത്രാബത്ത, ഓണറേറിയം എന്നിവ നൽകുന്നതിനു വികസന ഫണ്ടിൽ നിന്നും 50,000/-രൂപയും തനതു ഫണ്ടിൽ നിന്നു 24000/-രൂപയുമുൾപ്പെടെ 74000/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ജി.ഒ.(എം.എസ്.)/362/13 ത.സ്വ.ഭ.വ. തീയതി 16.11.2013മാർഗ്ഗരേഖ അനുസരിച്ച് പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗാത്മക ശേഷി ഉയർത്തുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ SSA നടപ്പിലാക്കുന്നുണ്ട്. ഇതിന് അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുകന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി SSA പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇതിനു വിപരീതമായി ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പഠനവീട് എന്ന പ്രോജക്ടിൽ പഠന പരിശീലനം നൽകുന്നതിനായി ഓണറേറിയം, യാത്രാബത്ത എന്നിവ നൽകിയിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിനു ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണ്.

2). സിവിൽ സർവ്വീസ് പരിശീലനം-മാർഗ്ഗരേഖയ്ക്കു വിരുദ്ധം
പ്രോജക്ട് നം 60/16
ഫണ്ട് - വികസന ഫണ്ട്, തനതു ഫണ്ട്
അടങ്കൽ : 498219 (വികസന ഫണ്ട് - 419469, തനതു ഫണ്ട് - 78750)
ചെലവ് : 449952/- (വികസനഫണ്ട് -376274, തനതു ഫണ്ട് - 73678)
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ
ബിൽ നം /തീയതി 1/2015-16 / 13.08.15- 49190/-
ബിൽ നം /തീയതി 9/2015-16 / 17.10.15 - 33790/-
ബിൽ നം /തീയതി 11/2015-16 / 17.10.15 - 116850/-
ബിൽ നം /തീയതി 12/2015-16 / 17.10.15 - 19615/-
ബിൽ നം /തീയതി 14/2015-16 / 19.12.15 - 63984/-
ബിൽ നം /തീയതി 20/2015-16 / 16.02.16 -58295/-
ബിൽ നം /തീയതി 22/2015-16 / 21.03.16 -34550/-
ആകെ 376274/ - രൂപ.

ഗ്രാമപഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരിശീലനത്തിനായി 449952/-രൂപ ചെലവഴിച്ചിട്ടുണ്ട്. (വികസന ഫണ്ട് 376274/-രൂപയും, തനതുഫണ്ട് 73678/-രൂപയും) എന്നാൽ ജി.ഒ.(എം.എസ്)362/2013 ത.സ്വ.ഭ.വ. തീയതി 16.11.2013 അനുബന്ധം 16, 7.10 അനുസരിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ വച്ച് ഗ്രാമപ്രദേശങ്ങളിൽ എസ്.ജി.എസ്.വൈ. നിബന്ധനകളും നിരക്കുകളും പാലിച്ചുകൊണ്ടും, നഗരപ്രദേശങ്ങളിൽ എസ്.ജെ.എസ്.ആർ.വൈ. നിബന്ധനകളും നിരക്കുകളും പാലിച്ചുകൊണ്ടും മാത്രമേ പരിശീലന പരിപാടികൾ ഏറ്റെടുക്കാവൂയെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ സിവിൽ സർവീസ് പരിശീലനത്തിനായി തുക ചെലവഴിച്ചിരിക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ്.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിനു ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണ്.

## 3-2 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

1. പ്രോജക്ട് ഫയലിൽ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ട് ഫയലുകളോടൊപ്പം അപേക്ഷകളോ, തുക വിതരണം ചെയ്തതിന്റെ വിശദാംശങ്ങളോ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾ പ്രകാരം ഏതൊക്കെ ഗുണഭോക്താക്കൾക്ക് എത്ര തുക വീതം ധനസഹായം നൽകിയിരിക്കുന്നുവെന്നുള്ളത് വ്യക്തമല്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|
| പ്രോജക്ട് നം.57/16 (ഭവന ഉണമേന്മാ വർദ്ധനവ് (SCP)) | 1475000 വികസനഫണ്ട് (എസ്.സി.പി) | 1175815 | ബിൽ നം.4/15-16 തീയതി.28.10.2015 -162500/- ബിൽ നം.5/15-16 തീയതി.31.12.2016 -75000/- ബിൽ നം.7/15-16 തീയതി.28.01.2016 -3,50,000/- ബിൽ നം.11/15-16 തീയതി.14.03.2016 -3,00,000/- ബിൽ നം.13/15-16 തീയതി.21.03.2016 -100000/- ബിൽ നം.20/15-16 തീയതി.28.03.2016 -125000/- |
| പ്രോജക്ട് നം.56 /16 (കിണർ നിർമ്മാണം (SCP)) | 290000 വികസനഫണ്ട് (എസ്.സി.പി) | 234000 | ബിൽ നം.1/15-16 തീയതി.28.10.2015 -64000/- ബിൽ നം.8/15-16 തീയതി.28.01.2016 -68000/- ബിൽ നം.9/15-16 തീയതി.14.03.2016 -34000/- ബിൽ നം.14/15-16 തീയതി.19.03.2016 -34000/- ബിൽ നം.21/15-16 തീയതി.28.03.2016 -34000/- |

| | | | |
|---|---|---|---|
| പ്രോജക്ട് നം.59/16 സാധുക്കളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 250000 വികസനഫണ്ട് (എസ്.സി.പി) | 250000 | ബിൽ നം.10/15-16 തീയതി.14.03.2015 -50000/- ബിൽ നം.6/15-16 തീയതി.31.12.2015 -56000/- ബിൽ നം.18/15-16 തീയതി.28.03.2016 -94000/- ബിൽ നം.16/15-16 തീയതി.21.03.2016 -50000/- |
| ആകെ ചെലവ് | | 1659815/- | |

ആവശ്യമായ രേഖകളുടെ അഭാവത്തിൽ 16,59,815/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. ഭവന നിർമ്മാണം(TSP)-2,000/- രൂപയുടെ ചെലവ് രേഖയില്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 250/15-16

അടങ്കൽ - 1,68,000/-(Devlopement fund(TSP)

82,000/-(Own Fund) 2,50,000/-

ചെലവ് - 1,68,000/-

ബിൽ നം.-ബിൽ നം.2/15-16 തീയതി.28.10.2015 തുക 54,000

ബിൽ നം.15/15-16 തീയതി.19.03.2016തുക-112000

ബിൽ നം.25/15-16 തീയതി.28.03.2016തുക-2,000

ഒരു ഗുണഭോക്താവിന് 2,50,000/- രൂപ വിവിധ ഗഡുക്കളായി ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതു പ്രകാരം ഉഷകാണിക്കാരി കെ. കൊച്ചുവീട്, കീഴാമച്ചൽ, കുരുതംകോട്.പി.ഒ. എന്ന ഗുണഭോക്താവിന് 1,68,000/- രൂപ 3 ഗഡുക്കളായി ധനസഹായം നൽകിയിട്ടുണ്ട്. 54,000/-രൂപ (ബിൽ നം.2/15-16 ) 28.10.2015-ന് പിൻവലിച്ചിരിക്കുന്നുവെങ്കിലും 07.12.2015-ന് മാത്രമാണ് ഗുണഭോക്താവിന് നൽകിയിരിക്കുന്നത്. ജി.ഒ(പി) 177/2006 ധന തീയതി.12.04.2006 സർക്കാർ ഉത്തരവനുസരിച്ച് ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലാത്തതാണ്. ഇത്തരത്തിൽ മുൻകൂർ പിൻവലിച്ച തുക അസിസ്റ്റന്റ് സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചത് ക്രമവിരുദ്ധമാണ്.

മേൽ തുകയിൽ അവസാനം വിതരണം ചെയ്ത 2,000/-രൂപ ഗുണഭോക്താവിന് നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 2,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. ഭൂരഹിതർക്ക് ഭൂമി വാങ്ങൽ(എസ്.സി.പി)- സബ്സിഡിമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകി

അടങ്കൽ-1,50,000/-(വികസനഫണ്ട്(എസ്.സി.പി))

ചെലവ്-1,50,000/-(ബിൽ നം.-ബിൽ നം.19/15-16 തീയതി.81.03.2016തുക-1,50,000/-)

പദ്ധതിമാർഗ്ഗരേഖ [ജി.ഒ.(എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി.16.11.2013 ഖണ്ഡിക 3.6)] പ്രകാരം ഭൂമിവാങ്ങുന്നതിന് ധനസഹായം അനുവദിക്കുമ്പോൾ സ്ഥലം വിലയ്ക്ക് നൽകിയ ആളിന്റെ പേരിൽ തുക അനുവദിക്കാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ പ്രോജക്ട് നം. 294/16 പ്രകാരം സരസമ്മ, അജിതാഭവൻ, കട്ടക്കോട് എന്ന ഗുണഭോക്താവിനാണ് ധനസഹായം നൽകിയിരിക്കുന്നത്. ഇത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പ്രോജക്ട് നം.245/16[ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം(എസ്.സി.പി)]

അടങ്കൽ -6,80,500/-[വികസനഫണ്ട്(എസ്.സി.പി)]

ചെലവ് - 6,80,000/- (ബിൽ നം.6/15-16 തീയതി 31.12.2015 തുക- 56,000/-

ബിൽ നം.10/15-16 തീയതി 14.03.2016 തുക-50,000/-
ബിൽ നം.16/15-16 തീയതി 21.03.2016 തുക-50,000/-
ബിൽ നം.18/15-16 തീയതി 28.03.2016 തുക-94,000/-)

ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതമായി 680000/- രൂപ മേൽ വിവരിച്ച പ്രകാരം പിൻവലിച്ചിരിക്കുന്നുവെങ്കിലും ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13-ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമായാലുടൻതന്നെ ഓഡിറ്റിന് ഹാജരാക്കാമെന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ആവശ്യമായ രേഖകളുടെ അഭാവത്തിൽ 6,80,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

5. പ്രോജക്ട് നം. 254/16(ബാലസഭ ക്യാമ്പ്)
അടങ്കൽ- 35,000/- വികസനഫണ്ട്(ജനറൽ)
ചെലവ്- 35,000/-
ബിൽ നം.-ബിൽ നം.17/15-16 തീയതി 26.03.2016

ബാലസഭയ്ക്കായി സെമിനാർ, പഠനയാത്ര എന്നിവയ്ക്കാണ് പദ്ധതിപ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. ഇതനുസരിച്ച് 17.03.2016-ൽ സെമിനാറും 18.03.2016-ൽ 12,000/- രൂപ ചെലവിൽ മ്യൂസിയം, ശംഖുമുഖം എന്നീ സ്ഥലങ്ങളിലേക്ക് വിനോദയാത്രയും സംഘടിപ്പിച്ചിരിക്കുന്നു. ജി.ഒ.(എം.എസ്.)362/2013 ത.സ്വ.ഭ.വ. തീയതി.16.11.2013 ഖണ്ഡിക 7.7 പ്രകാരം ഉല്ലാസപഠനയാത്രകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടുള്ളതല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്

## 3-3 2015-16-ലെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ 2015-16-ലെ വാർഷിക-ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യത്യാസം ഉള്ളതായി കാണുന്നു.

മുന്നിരിപ്പ്

വാർഷിക-ധനകാര്യപത്രിക ഓൺലൈനായി സമർപ്പിച്ചതിലും, മാനുവലായി സമർപ്പിച്ചതിലും മുന്നിരിപ്പിൽ വ്യത്യാസം കാണുന്നു

വരവ്

| ഫണ്ടിനം | എ.സി.ആർ. പ്രകാരം | എ.എഫ്.എസ് പ്രകാരം | റിമാർക്സ് |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 11317841 | 11724175 | സി.എഫ്.സി.(1740451/-), KLGSDP(1858062/-) എന്നീ തുകകൾ വികസനഫണ്ട് (ജനറൽ)-ൽ വരവായി കാണിച്ചിരിക്കുന്നു. |
| CFC | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക (1740451/- രൂപ) ഏ.സി.ആർ-ൽ ഉൾപ്പെടുത്തിയിട്ടില്ല | | |
| KLGSDP | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക (1858062/- രൂപ) ഏ.സി.ആർ-ൽ ഉൾപ്പെടുത്തിയിട്ടില്ല | | |
| മെയിന്റനൻസ്(റോഡ്) | 15974141 | 11751596 | |
| മെയിന്റനൻസ് | 4127894 | 3505907 | |

| | | | |
|---|---|---|---|
| (റോഡിതരം) | | | |
| Note. വരവിനങ്ങളിൽ സംയുക്ത പ്രോജക്ടുകൾ, റിലീഫ് ഫണ്ട്, പബ്ലിക് കംഫർട്ട് സ്റ്റേഷൻ-ലേലം, മര-ലേലം എന്നിവ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. | | | |

നീക്കിയിരിപ്പിലുള്ള വ്യത്യാസം

1. ഓൺലൈൻ സബ്മിഷൻ നടത്തിയ എ.എഫ്.എസും, മാനവലായി സബ്മിറ്റ് ചെയ്ത എ.എഫ്.എസും തമ്മിൽ ബാങ്ക് നീക്കിയിരിപ്പിൽ(RP-40(b)) 594 രൂപയുടെ വ്യത്യാസം കാണുന്നു.
2. തനത് ഫണ്ട് (SBT Own) നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം 5858426/-എ.എഫ്.എസ് പ്രകാരം 5298084/-
3. MNREGS നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം 670/- എ.എഫ്.എസ്./എസ്.എഫ്.സി. പ്രകാരം 90/-
4. Expenditure statement പ്രകാരം ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ 36/15-16 എന്ന പ്രോജക്ടിന് 1909488/- രൂപയാണ്(വികസനഫണ്ട്-1700000/-, കേന്ദ്രാവിഷ്കൃത ഫണ്ട്-209488/-) ചെലവായിട്ടുള്ളത്. എന്നാൽ ബിൽബുക്ക് പ്രകാരം 1700000/-(വികസനഫണ്ട്) രൂപയും, ചെക്ക് പ്രകാരം 264169/- രൂപയും(കേന്ദ്രാവിഷ്കൃത ഫണ്ട്) ചെലവഴിച്ചിരിക്കുന്നു.
5. Asst. Engineer ചെലവഴിച്ച 63315/- രൂപ Asst. Secretary ചെലവഴിച്ചതായി Expenditure statement-ൽ കാണിച്ചിരിക്കുന്നു

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് ഷെയർ | 406588 | കുന്നുവിള നടപ്പാത സൈഡ് വാൾ സിമെന്റ് | 406334 | 254 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.നം. 275/LSGD/ | 10047750 | 8219042 | 2465712 | ഇല്ല | 5753330 |

| | | | | | | |
|---|---|---|---|---|---|---|
| | 27.01.2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2012-13 | 3-4 | 840 | | 11511101659 തീയതി. 19.06.2015) |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 64 | 2002-03 | VII.1.1.3(1) | സമഗ്ര പുരയിട കൃഷി സർക്കാർ പണം അനധി കൃതമായി കൈയിൽ വച്ചു | റവന്യൂ റിക്കവറി നടപടി കൾക്കായി ജില്ലാ കളക്ടർക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 74465618/-(റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 95306786 (റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 53440/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2341815 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(i) | 4490 | | ശ്രീ. ജീവൻ. എസ്., സെക്രട്ടറി |
| 2-1(ii) | 9600 | | ,, |
| | 3900 | | ശ്രീ. സി.കെ. രാജേന്ദ്രൻ |
| 2-1(iii) | 35000 | | ശ്രീ. ജീവൻ. എസ്. സെക്രട്ടറി |
| 2-4 | 450 | | ,, |
| ആകെ | 53440 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2.1 | 1659815 | ശ്രീ. സുനിൽകുമാർ ബി.<br>അസിസ്റ്റന്റ് സെക്രട്ടറി, കാട്ടാക്കട ഗ്രാമ പഞ്ചായത്ത് |
| 3-2.2 | 2000 | ശ്രീ. സുനിൽകുമാർ ബി.<br>അസിസ്റ്റന്റ് സെക്രട്ടറി, കാട്ടാക്കട ഗ്രാമ പഞ്ചായത്ത് |
| 3-2.5 | 680000 | ശ്രീ. സുനിൽകുമാർ ബി.<br>അസിസ്റ്റന്റ് സെക്രട്ടറി, കാട്ടാക്കട ഗ്രാമ പഞ്ചായത്ത് |
| ആകെ | 2341815 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ജീവൻ. എസ്. | സെക്രട്ടറി | സിന്ധു ഭവൻ, അതിയന്നൂർ, ആറാലുംമൂട്, നെയ്യാറ്റിൻകര |
| ശ്രീ. സി.കെ. രാജേന്ദ്രൻ | സെക്രട്ടറി | നയനം, വട്ടിയൂർക്കാവ്, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡി കകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.(2)49/02 തീയതി.11.06.14 | - | |
| 2001-02 | നം.എൽ.എഫ് റ്റി.ഡി. ജി.പി.(5)900/02 തീയതി11.06.2014 | - | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.(5) 976/04. തീയതി11.06.2014 | - | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)310/06 തീയതി.11.06.2014 | - | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)347/08 തീയതി11.06.14 | - | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)346/08 തീയതി.11.06.2014 | - | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)1881/08 | - | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)302/08 | - | |

| | | | |
|---|---|---|---|
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)303/10 | - | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)885/11 | - | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)1876/2012 തീയതി.07.06.2013 | - | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5) തീയതി.04.04.14 | - | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5) തീയതി.02.02.15 | - | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5) തീയതി.18.08.15 | - | |
| 2014-15 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)1059/2016 തീയതി.04.07.2016 | - | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെ ചേർത്തിരിക്കുന്നവയും ഒഴികെ, എന്റെ അഭിപ്രായത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

മുന്നിരിപ്പ്

വാർഷികധനകാര്യപത്രിക ഓൺലൈനായി സമർപ്പിച്ചതിലും മാനുവലായി സമർപ്പിച്ചതിലും മുന്നിരിപ്പിൽ വ്യത്യാസം കാണുന്നു

വരവ്

| ഫണ്ടിനം | എ.സി.ആർ. പ്രകാരം | എ.എഫ്.എസ് പ്രകാരം | റിമാർക്സ് |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 11317841 | 11724175 | സി.എഫ്.സി.(1740451/-), KLGSDP(1858062/-) എന്നീ തുകകൾ വികസനഫണ്ട് (ജനറൽ)-ൽ |

| | | | |
|---|---|---|---|
| | | | വരവായി കാണിച്ചിരിക്കുന്നു. |
| CFC | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക (1740451/- രൂപ) ഏ.സി.ആർ-ൽ ഉൾപ്പെടുത്തിയിട്ടില്ല | | |
| KLGSDP | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക (1858062/- രൂപ) ഏ.സി.ആർ-ൽ ഉൾപ്പെടുത്തിയിട്ടില്ല | | |
| മെയിന്റനൻസ് (റോഡ്) | 15974141 | 11751596 | |
| മെയിന്റനൻസ് (റോഡിതരം) | 4127894 | 3505907 | |
| Note. വരവിനങ്ങളിൽ സംയുക്ത പ്രോജക്ടുകൾ, റിലീഫ് ഫണ്ട്, പബ്ലിക് കംഫർട്ട് സ്റ്റേഷൻ-ലേലം, മര-ലേലം എന്നിവ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. | | | |

നീക്കിയിരിപ്പ്

1. ഓൺലൈൻ സബ്മിഷൻ നടത്തിയ എ.എഫ്.എസും, മാനുവലായി സബ്മിറ്റ് ചെയ്ത എ.എഫ്.എസും തമ്മിൽ ബാങ്ക് നീക്കിയിരിപ്പിൽ(RP-40(b)) 594 രൂപയുടെ വ്യത്യാസം കാണുന്നു.
2. തനത് ഫണ്ട് (SBT Own) നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം 5858426/-എ.എഫ്.എസ് പ്രകാരം 5298084/-
3. MNREGS നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം 670/- എ.എഫ്.എസ്/എസ്.എഫ്.സി പ്രകാരം 90/-

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്